# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ക്രമസമാധാന പാലനം</u>

168 ശ്രീ. വി. എസ്. സുനിൽ കുമാർ
'' ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
'' ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാനനില തകർന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ബി) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെ നിരക്ക് എത്രയാണ്;

(സി) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കൊലപാതക കേസുകൾ, കൊലപാതക ശ്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ എന്നിവ എത്രവീതം;

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ രജിസ്റ്റർ ചെയ്യപ്പെട്ട ബലാൽസംഗ കേസ്സുകൾ എത്ര; ലൈംഗിക അതിക്രമങ്ങളുടെ പേരിൽ ചാർജ് ചെയ്യപ്പെട്ടവ എത്ര;

(ഇ) ഈ കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട മോഷണം, മാല പൊട്ടിക്കൽ, തട്ടിക്കൊണ്ടു പോകൽ കേസ്സുകൾ എത്ര;

(എഫ്) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര പേരെ കാണാതായി, ഇതിൽ എത്രപേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ക്രമസമാധാനം സംബന്ധിച്ച് ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശങ്ങൾ</u>

169 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, കെ. കെ. ജയചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് കേന്ദ്രസർക്കാർ വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരെങ്കിലും പങ്കെടുക്കുകയുണ്ടായോ;

(ബി) ഭരണപരിഷ്കാര കമ്മീഷന്റെ നിർദ്ദേശങ്ങളെക്കുറിച്ച് സംസ്ഥാനം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ക്രമസമാധാനപാലനത്തിന്, കമ്മീഷൻ മുന്നോട്ടുവെച്ച ഏതെല്ലാം നിർദ്ദേശങ്ങളോടാണ് സംസ്ഥാനം വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത യോഗതീരുമാനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാനുദ്ദേശിക്കുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ക്രമസമാധാനപാലനത്തിന് അംഗീകാരം</u>

170

ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിന് 2012 ൽ ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം അംഗീകാരങ്ങളാണ് ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ളത്;

(സി) ക്രമസമാധാനപാലനത്തിൽ മുൻവർഷങ്ങളിൽ നിന്നും എത്രമാത്രം പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ നടപടി</u>

171 ശ്രീ. പി. എ. മാധവൻ
'' വർക്കല കഹാർ
'' തേറമ്പിൽ രാമകൃഷ്ണൻ
'' ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ രാഷ്ട്രീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തി എന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകൾ പുനഃപരിശോധി ക്കുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്;

(സി) ഇത്തരം കേസുകളിൽ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിരുന്നവരും ഇപ്പോൾ ജീവിച്ചിരിക്കുന്നവരുമായവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങളുടെ വിശദാംശം</u>

172 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് പോലീസ് ജില്ല തിരിച്ച് കണക്ക് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(സി) എങ്കിൽ കൊലപാതകം നടന്ന തീയതി, കൊല്ലപ്പെട്ടയാളുകളുടെയും പ്രതി ചേർക്കപ്പെട്ട ആളുകളുടെയും രാഷ്ട്രീയകക്ഷി ബന്ധം ഇവ വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലപ്പെട്ട ഓരോരുത്തരുടെയും വീടുകളിൽ മുഖ്യമന്ത്രിയും സംസ്ഥാന മന്ത്രിസഭാംഗങ്ങളും എത്ര തവണ വീതം സന്ദർശനം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് നക്സൽ/മാവോയിസ്റ്റ് സാന്നിദ്ധ്യം</u>

173 ശ്രീ. കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നക്സൽ/മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വനാന്തരങ്ങളോട് ചേർന്ന് പ്രത്യേകം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരളത്തിലേക്ക് മയക്കുമരുന്ന് എത്തിക്കുന്ന ലോബിക്ക് ഇത്തരം തീവ്രവാദികളുമായി ബന്ധമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിധ്യം</u>

174 ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിധ്യം സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) മാവോയിസ്റ്റ് അന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും പൗരന്മാർ ഈ സംഘത്തിൽ പെട്ടതായി സ്ഥിരീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കേസന്വേഷണത്തിനിടയിൽ മരണപ്പെട്ടവർ</u>

175 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പോലീസ് കൃത്യനിർവ്വഹണത്തിനിടയിലോ കൃത്യനിർവ്വഹണത്തെത്തുടർന്ന് ഭയന്ന് ഓടുന്നതിനിടയിലോ അന്വേഷണങ്ങൾക്കിടയിലോ മരണപ്പെടാനിടയായവർ എത്രയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) ഇതിൽ പോലീസ് സ്റ്റേഷനിൽ വെച്ചോ, പോലീസ് നിയന്ത്രണത്തിൽ ആശുപത്രികളിൽ വെച്ചോ, തടങ്കലിലോ, ജയിലുകളിൽ വെച്ചോ മരണപ്പെട്ടവർ എത്ര;

(സി) ഇത്തരം മരണങ്ങളുമായി ബന്ധപ്പെട്ട പോലീസുകാർക്കെതിരെ ഈ കാലയളവിലുണ്ടായ പരാതികൾ എത്ര; എടുക്കപ്പെട്ട കേസുകൾ എത്ര എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മണിചെയിൻ തട്ടിപ്പ്</u>

176 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നടക്കുന്ന മണിചെയിൻ തട്ടിപ്പുകേസുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) മണിചെയിൻ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; എത്രപേരെ അറസ്റ്റു ചെയ്തു ;

(സി) മണിചെയിൻ തട്ടിപ്പിൽ പൊതുജനങ്ങൾ വഞ്ചിതരാകാതിരിക്കുന്നതിനും പൊതുജന അവബോധം സൃഷ്ടിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>ഓപ്പറേഷൻ കുബേര</u>

177

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ കുബേരയിലൂടെ എത്ര ധനകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ ക്രമക്കേടുകൾ കണ്ടെത്തിയ എത്ര സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) നിയമാനുസൃതമല്ലാത്ത പണമിടപാട് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പൊതു നന്മയ്ക്കായ് പ്രസ്തുത സ്ഥാപനങ്ങൾക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

## കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

ബ്ലേഡ് മാഫിയക്കെതിരെ നടപടി

178 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊള്ളപ്പലിശക്കാരെയും, ബ്ലേഡുമാഫിയക്കാരെയും കണ്ടെത്തി മാതൃകപരമായി ശിക്ഷിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ ഏതെല്ലാം;

(ബി) സംസ്ഥാനത്തെ കൊള്ളപ്പളിശക്കാർ, ബ്ലേഡ്മാഫിയാക്കാർ എന്നിവരുടെ ലിസ്റ്റ് ആഭ്യന്തരവകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ആഭ്യന്തരവകുപ്പിന് കീഴിൽ ഇത്തരത്തിൽ കൊള്ളപ്പലിശ, ബ്ലേഡ് പിരിവ് എന്നിവ നടത്തുന്ന എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാം; അവർ വഹിക്കുന്ന പദവി എന്താണ്;

(ഡി) ഇത്തരത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിലുള്ള ഉദ്യോഗസ്ഥർ പോലീസ് റയിഡുവിവരം ചോർത്തി നൽകുന്നതുമൂലം റെയിഡുകൾ ഫലവത്താകാത്തതും, കുറ്റക്കാർ രക്ഷപ്പെടുന്നതും സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ റെയിഡുവിവരം ചോർത്തിയ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചു; അവർ ആരൊക്കെയാണെന്നും, വഹിക്കുന്ന പദവി എന്തെന്നും എപ്രകാരമുള്ള നടപടിയാണ് ഇവർക്ക് എതിരെ സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ജി) മറ്റ് വകുപ്പുകളിൽ ഇത്തരത്തിൽ കൊള്ളപ്പലിശ വാങ്ങുന്ന ഉദ്യോഗസ്ഥരെ കണ്ടെത്താൻ ആഭ്യന്തരവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; എത്ര പേരെ കണ്ടെത്തിയിട്ടുണ്ട്; അറസ്റ്റിലായവർ ആരൊക്കെയെന്നും അവർ ഏതൊക്കെ വകുപ്പിൽ ജോലിനോക്കുന്നവരാണെന്നും വ്യക്തമാക്കാമോ;

(എച്ച്) ബ്ലേഡ്പലിശക്കാരുടെ ലിസ്റ്റ് ജില്ലാ ആസ്ഥാനങ്ങളിൽ പൊതു ജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ആന്റി ടെറർ സ്ക്വാഡ് രൂപീകരണം</u>

179 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റി ടെറർ സ്ക്വാഡ് രൂപവത്കരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(സി) ഇതിന് എന്തെല്ലാം സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്;

(ഡി) ആരുടെ ചുമതലയിലാണ് ഇത് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

നാറാത്ത് പോപ്പുലർ ഫ്രണ്ട് ആയുധപരിശീലന കേസ്സ്

180 ശ്രീ.കെ.കെ.നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നാറാത്ത് പോപ്പുലർ ഫ്രണ്ട് ആയുധ പരിശീലന കേസ്സ് ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ പേരിലാണ് കേസ്സ് രജിസ്ട്രർ ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ ആയുധ പരിശീലന ക്കേസ്സ്</u>

181

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാറാത്ത് പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ ആയുധ പലരിശീലന കേസ്സ് എൻ. ഐ. എ.യ്ക്ക് ഏൽപ്പിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

നാറാത്തെ ആയുധ പരിശീലനത്തിനിടെ അറസ്റ്റ് ചെയ്യപ്പെട്ടവർ

182 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുധ പരിശീലനത്തിനിടയിൽ കണ്ണൂർ ജില്ലയിലെ നാറാത്ത് നിന്നും അറസ്റ്റ് ചെയ്യപ്പെട്ടവർ ആരൊക്കെയാണ് ; ഇവർ ഏത് സംഘടനയുമായി ബന്ധപ്പെട്ടവരാണ് ;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള മേൽവിലാസം ലഭ്യമാക്കാമോ ;

(സി) അറസ്റ്റ് ചെയ്യപ്പെട്ടവരിൽ മറ്റേതെങ്കിലും ക്രിമിനൽ കേസുമായി ബന്ധപ്പെട്ടവർ ഉണ്ടോ ; എങ്കിൽ ആരൊക്കെ ; ഏതെല്ലാം കേസുകളുമായാണിവർ ബന്ധപ്പെട്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

183 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭീകരവാദ-തീവ്രവാദ ബന്ധമുള്ള എത്ര കേസുകൾ സംസ്ഥാനത്ത് റജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങൾ പോലീസ് പരിശോധിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ;

(സി) എങ്കിൽ ഏതൊക്കെ കേന്ദ്രങ്ങൾ പരിശോധിച്ച് ആരെയൊക്കെ കസ്റ്റഡിയിലെടുത്ത് ഏതെല്ലാം സ്റ്റേഷൻ പരിധികളിൽ ഏതൊക്കെ ക്രൈം നമ്പരുകളിൽ ഏതൊക്കെ തീയ്യതികളിൽ കേസ് റജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത കേസുകൾ മറ്റേതെങ്കിലും സംസ്ഥാന-കേന്ദ്ര ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സർക്കാർ തീരുമാനങ്ങളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; വിശദീകരിക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>യു. എ. പി. എ. പ്രകാരമുള്ള കേസുകൾ</u>

184 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ ലോഫുൾ ആക്ടിവിറ്റീസ് പ്രിവൻഷൻ നിയമം (യു. എ. പി. എ) ചുമത്തി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സർക്കാർ വന്നശേഷം എത്ര കേസുകളാണ് പ്രസ്തുത വകുപ്പ് പ്രകാരം എടുത്തിട്ടുള്ളത്;

(സി) എങ്കിൽ ഇവ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ്;

(ഇ) ഇവരിൽ എത്ര പേർക്ക് ജാമ്യം ലഭിച്ചിട്ടുണ്ട്;

(എഫ്) ഈ കേസുകളിൽ യു. എ. പി.എ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>വിമാനത്താവളങ്ങൾ വഴി മനുഷ്യക്കടത്ത്</u>

185 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ വന്നശേഷം വിമാനത്താവളങ്ങൾ വഴി മനുഷ്യക്കടത്ത് വൻതോതിൽ നടന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മനുഷ്യക്കടത്തിന്റെ ഭാഗമായി പെൺവാണിഭം നടന്നതായുള്ള പരാതികളിൻമേലും, മനുഷ്യക്കടത്ത് സംബന്ധിച്ചും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ പിടികൂടുവാനുണ്ട്; കേസ്സിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(സി) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയെന്നും അവർ ഇപ്പോൾ വഹിക്കുന്ന പദവി എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി ഉന്നതതല അന്വേഷണം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) മനുഷ്യക്കടത്തിന് അറസ്റ്റിലായ പോലീസ് ഉദ്യോഗസ്ഥരുടെയും, അന്വേഷണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെയും പേരിൽ പാറഖനനം/കടത്ത്, സ്പിരിറ്റ് കടത്ത്, മണൽകടത്ത്, പെൺവാണിഭം, കൊലപാതകം – അതിന് കൂട്ടുനിൽക്കൽ തുടങ്ങി എത്ര കേസ്സുകൾ നിലവിലുണ്ട്; ഓരോരുത്തരുടെയും പേരിലുള്ള കേസ്സുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>നെടുമ്പാശ്ശേരി മനുഷ്യക്കടത്ത് കേസിന്റെ അന്വേഷണം</u>

186 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, രാജു എബ്രഹാം
,, പി.റ്റി.എ. റഹീം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി മനുഷ്യക്കടത്ത് കേസിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അന്വേഷണം ദേശീയ അന്വേഷണ ഏജൻസിയെ ഏൽപിക്കണമെന്ന ഹൈക്കോടതി നിരീക്ഷണത്തിൽ തുടർനടപടി സ്വീകരിക്കുകയുണ്ടായോ;

(ബി) രാജ്യസുരക്ഷയെ ബാധിക്കുന്ന പ്രശ്നത്തിൽ അലംഭാവം കാട്ടുന്നതിനെതിരെ കടുത്ത നടപടി സ്വീകരിക്കേണ്ടിവരുമെന്ന് ഹൈക്കോടതിക്ക് ഓർമ്മിപ്പിക്കേണ്ടിവന്ന സാഹചര്യം എന്തായിരുന്നു;

(സി) ഇത് സംബന്ധിച്ച കേസിൽ ഹൈക്കോടതിക്ക് സർക്കാർ നൽകിയ ഉറപ്പ് എന്തായിരുന്നു; അതനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>മനുഷ്യക്കടത്ത് കേസുകൾ</u>

187

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും തുറമുഖങ്ങളിൽ നിന്നും എത്ര മനുഷ്യക്കടത്തു കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(ബി) ഇത് പ്രകാരം ആകെ എത്ര പേരെ കടത്തിക്കൊണ്ടു പോയിട്ടുണ്ട്;

(സി) ഇതിൽ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര; പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ എത്ര;

(ഡി) ഇത്തരം കേസുകളിൽ പ്രതിചേർക്കപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചത്; വിശദീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>മനുഷ്യക്കടത്ത്</u>

188 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് പൊന്നാനി പോലീസ് സ്റ്റേഷനിൽ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പൊന്നാനി സി.ഐ., എസ്.ഐ. ഓഫീസുകളിൽ നിന്ന് കേസുകളുടെ എഫ്.ഐ.ആർ.കൾ കാണാനില്ലെന്ന് പോലീസ് മേധാവികളുടെതായി വന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം ഫയലുകളാണ് നഷ്ടമായത് എന്നറിയിക്കാമോ ;

(ഡി) ഫയലുകൾ നഷ്ടമായിട്ടില്ല എങ്കിൽ നിരുത്തരവാദപരമായ പ്രസ്താവന നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ ;

(ഇ) മനുഷ്യക്കടത്ത് കേസ് ഒതുക്കി തീർക്കുന്നതിന് പൊന്നാനി സി.ഐ. കൈക്കൂലി വാങ്ങിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(എഫ്) രാജ്യാന്തര ബന്ധമുള്ള മനുഷ്യക്കടത്ത് കേസ് ഇപ്പോൾ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം</u>

189 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ ജനമൈത്രി പോലീസ് നടപ്പിലാക്കിയ അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പദ്ധതികൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് മറ്റ് സ്ഥലങ്ങളിലും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ഔദ്യോഗിക കണക്കെടുപ്പ്</u>

190

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായുള്ള ക്രിമിനൽ കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്ഥിരമായി താമസിച്ചുവരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം സംബന്ധമായി എന്തെല്ലാം നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വിവരശേഖരണം നടത്തുന്നതിനും ഇവരുടെ മേൽ മതിയായ പോലീസ് നിരീക്ഷണം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനമന്ത്രിമാരുടെ ഔദ്യോഗിക വാഹനങ്ങൾ മുഖേനയുള്ള അപകടങ്ങൾ</u>

191 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ഉപയോഗിച്ച വാഹനങ്ങൾ എത്ര അപകടങ്ങൾ ഉണ്ടാക്കിയെന്നും ഏതെല്ലാം മന്ത്രിമാരുടെ വാഹനങ്ങളാണ് അപകടത്തിൽപ്പെട്ടതെന്നും ആയതിന്റെ ഫലമായി എത്ര പേർ മരണപ്പെട്ടുവെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാന മന്ത്രിമാർക്ക് യാത്ര ചെയ്യുവാൻ സൗകര്യമൊരുക്കുന്ന പൈലറ്റ് വാഹനങ്ങൾ എത്ര വാഹനാപകടങ്ങൾ ഉണ്ടാക്കി എന്നും ഏതെല്ലാം മന്ത്രിമാരുടെ പൈലറ്റ് വാഹനങ്ങളാണ് അപകടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതെന്നും ആയതിന്റെ ഫലമായി എത്ര പേർ മരണപ്പെട്ടുവെന്നും വിശദമാക്കുമോ;

(സി) ഇത്തരം വാഹനാപകടങ്ങളിൽ ഇതുവരെ എത്രപേർക്ക് പരിക്കും അംഗവൈകല്യവും സംഭവിച്ചിട്ടുണ്ടെന്നും എത്രപേർ ഇപ്പോഴും സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരം വാഹനാപകടങ്ങളിൽ മരണപ്പെട്ടവർക്കും അവരുടെ കുടുംബങ്ങൾക്കും എന്തു തുകയുടെ ധനസഹായം ഇതേവരെ നൽകിയെന്നും വിശദമാക്കുമോ;

(ഇ) ഇത്തരം വാഹനാപകടങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാൻ നടപടി

192 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012, 2013 വർഷങ്ങളിൽ മദ്യപിച്ച് വാഹനമോടിച്ചതിന് ഇതുവരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) മദ്യം ഒഴികെയുള്ള മറ്റു ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചശേഷം വാഹനമോടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) മാരകമായ ലഹരി പദാർത്ഥങ്ങളായ കഞ്ചാവ്, ചരസ്സ്, കറുപ്പ് എന്നിവ ഉപയോഗിച്ചശേഷം വാഹനമോടിക്കുന്നവരെ നിയന്ത്രിക്കുവാനും ശിക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ</u>

193 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകൾക്ക് സമീപം പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ സൃഷ്ടിക്കുന്ന ഗതാഗത പാരിസ്ഥിതിക പ്രശ്നങ്ങളും കാലപ്പഴക്കത്തിൽ വാഹനങ്ങൾ നശിക്കുന്നതുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം വാഹനങ്ങൾ വേഗത്തിൽ ലേലം ചെയ്യുന്നതിനോ നീക്കം ചെയ്യുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് പിടിച്ച വാഹനങ്ങൾ സ്റ്റേഷനുകളോട് ചേർന്ന റോഡുകളുടെ വശങ്ങളിൽ നിരത്തിയിടരുതെന്ന് ഉത്തരവിറക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കേസുകളിൽ പിടിക്കപ്പെടുന്ന വാഹനങ്ങൾ നശിക്കുന്നതിനെതിരെ നടപടി</u>

194 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിൽ പിടിച്ചെടുത്ത് താലൂക്ക് ഓഫീസുകളിലും പോലീസ് സ്റ്റേഷനുകളിലും നിരവധി വാഹനങ്ങൾ കിടപ്പുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങൾ നശിക്കുന്നത് പരിസ്ഥിതിക്കും, യാത്രാമാർഗ്ഗങ്ങൾ അടച്ച് വാഹനങ്ങൾ കൂട്ടിയിടുന്നത് പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്തു മുതൽക്കൂട്ടുകയോ, ഉടമയ്ക്ക് തിരികെ നൽകാവുന്നവ തിരിച്ചുനൽകുകയോ ചെയ്യണമെന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഡി) കോടതിയുടെ അനുമതിവേണ്ട കേസുകളിൽ അനുമതി ലഭ്യമാക്കി വാഹനങ്ങൾ നീക്കം ചെയ്യാൻ അടിയന്തിര നിർദ്ദേശം നൽകുമോ;

(ഇ) സംസ്ഥാനത്താകെ എത്ര വാഹനങ്ങൾ ഇത്തരത്തിൽ പിടിച്ചിട്ടുണ്ടെന്നതിന്റെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

മദ്യപിച്ച് വാഹനമോടിക്കുന്നതുകൊണ്ടുണ്ടാകുന്ന അപകടങ്ങൾ

195 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യപിച്ച് വാഹനമോടിക്കുന്നത് കൊണ്ടുണ്ടാകുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യപിച്ച് വാഹനമോടിക്കുന്നയാൾ സ്വന്തം സുരക്ഷയ്ക്കും റോഡിലൂടെ പോകുന്ന മറ്റ് യാത്രികർക്കും വൻ ഭീഷണി സൃഷ്ടിക്കുന്നതിനാൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) അപകടങ്ങളുണ്ടാകുമ്പോൾ ഡ്രൈവറുടെ രക്തപരിശോധന നിർബന്ധമാക്കുന്നതിനും മദ്യപിക്കുന്ന ഡ്രൈവർക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനും, ഇവരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പോലീസിന്റെ ഹെൽമറ്റ് വേട്ടക്കിടെ രണ്ട് യുവാക്കൾ മരണപ്പെട്ട സംഭവം</u>

196 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തിരുവണ്ണൂരിൽ പോലീസിന്റെ ഹെൽമറ്റ് വേട്ടക്കിടെ രണ്ട് യുവാക്കൾ മരണപ്പെടാനിടയായ സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംഭവത്തെത്തുടർന്ന് സർവ്വകക്ഷിയോഗത്തിൽ ഉണ്ടായ തീരുമാനങ്ങളും ആവശ്യങ്ങളും സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ</u>

197 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മണൽ കടത്തിന്റെ ഭാഗമായി പിടിച്ചെടുത്ത് പോലീസ് സ്റ്റേഷനുകളിലും മറ്റും സൂക്ഷിക്കുന്ന വാഹനങ്ങളും പിടിച്ചെടുത്ത മണലും ലേലം ചെയ്ത് സർക്കാർ വരുമാനത്തിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പിടിച്ചെടുത്ത വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

വിമന്‍സ് ഇന്‍വസ്റ്റിഗേഷന്‍ ടീം

198 ശ്രീ. വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, റ്റി. എന്‍. പ്രതാപന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിമന്‍സ് ഇന്‍വസ്റ്റിഗേഷന്‍ ടീം രൂപവല്‍ക്കരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും എന്തെല്ലാമാണ് ;

(സി) സ്ത്രീകള്‍ക്കും കുട്ടികള്‍ക്കുമെതിരെ നടക്കുന്ന അതിക്രമങ്ങള്‍ തടയുന്നതിനായി എന്തെല്ലാം വിഷയങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

വനിതാ ഹെൽപ്പ് ലൈനിന്റെ പ്രവർത്തനം

199 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സ്ത്രീകളുടെ സുരക്ഷയ്ക്കായി ആരംഭിച്ച വനിത ഹെൽപ്പ് ലൈൻ കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>അഞ്ച് വയസിൽ താഴെയുള്ള പെൺകുട്ടികളെ പീഡിപ്പിച്ച കേസുകൾ</u>

200 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഞ്ച് വയസിൽ താഴെയുള്ള പെൺകുട്ടികളെ ലൈംഗിക പീഡനങ്ങൾക്ക് വിധേയമാക്കിയത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം കേസുകളിലാണ് ഇനിയും പ്രതികളെ പിടികൂടാനുള്ളത് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും കൊലപാതകങ്ങളും**

201 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും, കൊലപാതകങ്ങളും വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിന്ശേഷം നാളിതുവരെ എത്ര സ്ത്രീപീഡനകേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതു മൂലം ഇക്കാലയളവിൽ എത്രപേർ മരണപ്പെട്ടു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കൊല്ലപ്പെട്ടവരിൽ 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾ എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിനുള്ളിൽ എത്ര സ്ത്രീകൾ ബലാത്സംഗം മുഖേന കൊലചെയ്യപ്പെട്ടു; ഇതിൽ 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണമെത്ര; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിനുള്ളിൽ ഇതു വരെ എത്ര സ്ത്രീകളെ കാണാതായി; ഇതിൽ 18 വയസ്സിന് താഴെയുള്ളവരുടെ എണ്ണമെത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്ര എണ്ണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി; എത്ര കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കേണ്ടതായിട്ടുണ്ട്;വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ</u>

202 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ എത്രയാണ് ;

(ബി) എത്ര സ്ത്രീകളാണ് കൊല്ലപ്പെട്ടത്;

(സി) പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ എത്രയാണ് ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് രജിസ്റ്റര്‍ ചെയ്യപ്പെട്ട സ്ത്രീ പീഡന കേസ്സുകള്‍</u>

203 ശ്രീ.മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2011 മേയ് 18 മുതല്‍ 2013 മേയ് 18 വരെ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര സ്ത്രീപീഡന കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>രാത്രി കാലങ്ങളിൽ ട്രെയിൻ യാത്ര ചെയ്യുന്ന വനിതാ യാത്രക്കാരുടെ സുരക്ഷ</u>

204 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ ട്രെയിനിൽ യാത്ര ചെയ്യുന്ന വനിതാ യാത്രക്കാരുടെ സുരക്ഷക്കായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) രാത്രികാലങ്ങളിൽ വനിതാ കമ്പാർട്ട്മെന്റിൽ ആയുധമേന്തിയ വനിതാ പോലീസിന്റെ സേവനം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ പരിസരങ്ങളിൽ രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>രാത്രികാലങ്ങളിൽ യാത്രക്കാരുടെ സുരക്ഷ ശക്തമാക്കുന്നതിന് നടപടി</u>

205

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് സ്റ്റേഷനുകളും, റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ച് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രാത്രികാലങ്ങളിൽ യാത്രക്കാരുടെ സുരക്ഷ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) രാത്രികാലങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങളും അക്രമങ്ങളും കുറയ്ക്കുന്നതിനായി അർദ്ധരാത്രിമുതൽ രാവിലെ 4മണി വരെയുളള സമയങ്ങളിൽ ഇരുചക്രവാഹനഗതാഗതത്തിന് നിയന്ത്രണമേർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ;

(ഡി) ഇല്ലെങ്കിൽ നഗരങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ പോലീസ് പട്രോളിംഗ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥർക്കു നേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി</u>

206

ശ്രീ. അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ, അവരുടെ ബന്ധുക്കൾ എന്നിവർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ;

(സി) എന്തെല്ലാം കുറ്റകൃത്യങ്ങളും ശിക്ഷാവിധികളുമാണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

### സർക്കാർ ജീവനക്കാർ ഉൾപ്പെട്ട കേസുകൾ

207 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര സർക്കാർ ജീവനക്കാർ കേസുകളിൽ പ്രതികളായിട്ടുണ്ട്;

(ബി) ഇതിൽ കൈക്കൂലി, അഴിമതി, സംഘട്ടനം, കൊലപാതകം എന്നീ കേസുകളിൽ ഉൾപ്പെട്ടവരുടെ എണ്ണം ഇനം തിരിച്ച് നൽകാമോ;

(സി) ഇത്തരം കേസുകളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുണ്ട് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ സംവിധാനം</u>

208 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുവാൻ സെൻട്രൽ മോണിറ്ററിംഗ് സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(സി) ഇതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്;

(ഡി) ആരുടെ ചുമതലയിലാണ് ഇത് പ്രവർത്തിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ജനമൈത്രി സുരക്ഷാ പദ്ധതി

209 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി സുരക്ഷാ പദ്ധതിയിൽ എത്ര പോലീസ് സ്റ്റേഷനുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഗ്രാമീണ ജനതയ്ക്ക് ഇവരുടെ സേവനം ലഭ്യമാകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പോലീസ് പരാതിപ്പെട്ടികൾ സ്ഥാപിച്ച് പരാതികൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിന്റെ ഭാഗമായി എല്ലാ സ്റ്റേഷനുകളിലും മൂന്ന് മാസത്തിലൊരിക്കൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുമോ;

(ഇ) പരാതികൾക്ക് കൃത്യമായി മറുപടി നല്കാൻ നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

**<u>പൈതൃക പോലീസ് സ്റ്റേഷൻ പദ്ധതി</u>**

210 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം പോലീസ് സ്റ്റേഷനെ പൈതൃക പോലീസ് സ്റ്റേഷൻ ആക്കുന്നതിനുള്ള നടപടികൾ എന്തായി എന്നു വെളിപ്പെടു ത്തുമോ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പൈതൃക പോലീസ് സ്റ്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും, ഇതിന്റെ മാനദണ്ഡങ്ങളും എന്തെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ ജൂവനൈൽ പോലീസ് യൂണിറ്റ്</u>

211 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പെഷ്യൽ ജൂവനൈൽ പോലീസ് യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സംവിധാനം സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട് ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>

212 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

റാന്നി പോലീസ് സ്റ്റേഷന്റെ നിർമ്മാണം

213 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നാണാരംഭിച്ചത്; നിർമ്മാണം ഏതു ഘട്ടത്തിലാണ്; എന്തൊക്കെ പ്രവൃത്തികളാണ് ബാക്കിയുള്ളത്;

(ബി) കെട്ടിട നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

(സി) നിർമ്മാണച്ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; കരാർ പ്രകാരം എന്നാണ് നിർമ്മാണം പൂർത്തിയാക്കേണ്ടത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

റാന്നി-പെരുനാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

214 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എത്ര സ്ഥലമാണ് നൽകിയത്;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്ര; ഏത് ഏജൻസിക്കാണ് നിർമ്മാണ ചുമതല നൽകിയിട്ടുളളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം</u>

215 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) അവയ്ക്ക് സ്വന്തമായ കെട്ടിടം പണിയുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ മങ്കട പോലീസ് സ്റ്റേഷന് സ്വന്തമായ കെട്ടിടം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ ആധുനികവത്ക്കരണം</u>

216

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ ആധുനികവത്ക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ആയതിന് എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവിട്ടു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പോലീസ് വിഭാഗത്തെ നവീകരിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

### പോലീസ് സേനയ്ക്കായി വാങ്ങിയിട്ടുള്ള ആധുനിക ഉപകരണങ്ങൾ

217

ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ആഭ്യന്തര വകുപ്പിനു കീഴിൽ പോലീസ് സംവിധാനത്തിനായി വാങ്ങിയ ആധുനിക ഉപകരണങ്ങൾ എന്തൊക്കെയാണ്; അവ ഓരോന്നും എത്ര വീതം ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിനായി ചെലവഴിക്കപ്പെട്ട മൊത്തം തുക എത്രയാണ്;

(സി) പുതുതായി എത്ര വിലയ്ക്കുള്ള എന്തെല്ലാം ആധുനിക ഉപകരങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നു; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് മന്ദിരം</u>

218

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് മന്ദിരം നിർമ്മിക്കുന്നതിന് ഭൂമി കൈമാറി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് റൂറൽ പോലീസ് ആസ്ഥാനത്ത് പ്രത്യേക സംവിധാനത്തിന് രൂപം നൽകുമോ;

(സി) മന്ദിര നിർമ്മാണത്തിന് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് നടപടികൾ ആയിട്ടുണ്ടോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>എസ്. ഐ. മാരുടെ ഒഴിവുകൾ</u>

219 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജനറൽ എക്സിക്യുട്ടീവ് വിഭാഗത്തിൽ എസ്.ഐ, സി.ഐ, ഡി.വൈ.എസ്.പി. വിഭാഗത്തിലുള്ള ഒഴിവുകൾ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ഡി) ജനറൽ എക്സിക്യുട്ടീവ് വിഭാഗത്തിൽ എസ്.ഐ.മാരുടെ എത്ര ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവ് നികത്താൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ലോക്കൽ പോലീസിലെ എ.എസ്.ഐ., എസ്.ഐ. തസ്തികകൾ

220 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്കൽ പോലീസ് വിഭാഗത്തിൽ എത്ര എ.എസ്.ഐ.മാരും, എസ്.ഐ.മാരും ജോലി ചെയ്യുന്നുണ്ട്;

(ബി) ലോക്കൽ പോലീസ് വിഭാഗത്തിൽ എ.എസ്.ഐ.മാരുടെയും, എസ്.ഐ.മാരുടെയും എത്ര തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(സി) ലോക്കൽ പോലീസ് വിഭാഗത്തിൽ പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാതെ, ഗ്രേഡ് പ്രൊമോഷൻ ലഭിച്ച എ.എസ്.ഐ.മാരും എസ്.ഐ.മാരും ഓഫീസർ പദവിക്ക് അർഹരാണോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിൽ ക്രിമിനോളജിസ്റ്റ് നിയമനം</u>

221 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ നിലവിൽ എത്ര ക്രിമിനോളജിസ്റ്റ് തസ്തികയുണ്ടെന്ന് അറിയിക്കുമോ ;

(ബി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും അവയെക്കുറിച്ച് പഠിച്ച് അവ കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുമായി എല്ലാ ജില്ലാ ക്രൈം റിക്കോർഡ്സ് ബ്യൂറോകളിലും ക്രിമിനോളജിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കേരള പോലീസ് സേനയിൽ എത്ര ക്രിമിനോളജി ബിരുദാനന്തര ബിരുദധാരികൾ ഉണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരെ സേനയിൽ ക്രിമിനോളജിസ്റ്റായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

ആംഡ് പോലീസിലെ എ.പി.എസ്.ഐ.മാർ

222

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആംഡ് പോലീസിലെ എ.പി.എസ്.ഐ.മാരുടെ ആകെ അംഗസംഖ്യ എത്ര;

(ബി) പോലീസ് ട്രെയിനിംഗ് കോളേജിലും സ്കൂളുകളിലുമുള്ള പരിശീലന വിഭാഗത്തിലെ കേഡർ സബ് ഇൻസ്പെക്ടർമാരായ എ.പി.എസ്.ഐ. മാർ എത്ര;

(സി) കേഡർ സബ് ഇൻസ്പെക്ടർമാരായ എത്ര എ.പി.എസ്.ഐ. മാർ റെയിൽവേ സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നുണ്ട്;

(ഡി) 4.08.1961 ലെ ഗസറ്റ് നമ്പർ.31 പ്രകാരമുള്ള ആംഡ് ബറ്റാലിയൻ സ്റ്റാന്റിംഗ് ഓർഡർ പ്രകാരം അടിസ്ഥാന പരിശീലന വിഭാഗത്തിൽ നിന്നും എസ്.ബി.സി.ഐ.ഡി. വിഭാഗത്തിലേക്ക് നിയമിച്ച കേഡർ എസ്.ഐ.മാർ എത്ര;

(ഇ) എസ്.ബി.സി.ഐ.ഡി.യിലും ലോക്കൽ സ്റ്റേഷനിലുമുള്ള ജനറൽ എക്സിക്യൂട്ടീവ് സബ് ഇൻസ്പെക്ടർമാരും ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരും എത്ര; ലോക്കൽ പോലിസ് സ്റ്റേഷനുകൾ എത്ര?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിൽ ഒരേ ഓഫീസിൽ തുടർച്ചയായി ജോലി ചെയ്യുന്നവർ</u>

223 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ ഒരേ ഓഫീസിൽ ഏഴ് വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന എത്ര പേരുണ്ട് ;

(ബി) അഞ്ച് വർഷം ഒരേ സ്ഥലത്ത് സേവനം പൂർത്തിയാക്കിയ പോലീസുകാർ എത്ര ;

(സി) വിജിലൻസ് വിംഗിൽ മാത്രം ജോലി നോക്കിയിട്ടുള്ളവർ എത്ര ;

(ഡി) പോലീസ് സേനയിലെ സ്പെഷ്യൽ വിംങ്ങുകൾ എത്ര ; അവിടങ്ങളിൽ 5 വർഷത്തിലേറെ തുടർച്ചയായി പ്രവർത്തിച്ചുവരുന്നവർ എത്ര ; സ്പെഷ്യൽ വിംങ്ങുകളിൽ മാത്രം ജോലി ചെയ്തു വരുന്നവർ എത്ര; വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

**എ. ആർ. ക്യാമ്പിലെ റിസർവ്വ് ഇൻസ്പെക്ടർ മുതൽ കമാണ്ടന്റ് വരെയുളളവരുടെ സംയോജനം**

224 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളാ പോലീസിൽ എ. ആർ. ക്യാമ്പിലെ റിസർവ് ഇൻസ്പെക്ടർ മുതൽ കമാണ്ടന്റ് വരെയുളള 84 പേരുടെ സംയോജനം ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഇത് സമയബന്ധിതമായി എപ്പോൾ പൂർത്തിയാകും എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പോസീസ് അസോസിയേഷനുകളുടെ സമ്മേളനങ്ങൾ</u>

225 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് അസ്സോസിയേഷനുകളുടെ സമ്മേളനങ്ങൾ പ്രമേയങ്ങൾ പാസ്സാക്കുന്നതും പത്രവാർത്തകൾ നൽകുന്നതുമായിട്ടുളള കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) മലപ്പുറത്തു നടന്ന പോലീസ് അസ്സോസിയേഷൻ സമ്മേളനത്തിൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിക്കെതിരായി പ്രമേയം പാസ്സാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ചട്ടവിരുദ്ധമായി കണ്ട് ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പൊതുസ്ഥലത്തെ പുകവലി</u>

226 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലത്തെ പുകവലി വർദ്ധിച്ചു വരുന്നതായുള്ള വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷം സംസ്ഥാനത്ത് ഇത് സംബന്ധിച്ച് പോലീസ് എത്ര കേസുകൾ എടുത്തു എന്ന് ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(സി) ഇക്കാര്യത്തിൽ പോലീസ് കൂടുതൽ ജാഗ്രത പുലർത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പാൻപരാഗ് നിരോധനം നടപ്പാക്കൽ</u>

227 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൻപരാഗ് നിരോധനത്തിന് ശേഷം നടത്തിയ റെയിഡുകളിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ പ്രസ്തുത നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും പാൻപരാഗ്, ഗുഡ്ക പോലുള്ള ലഹരി ഉൽപന്നങ്ങൾ സംസ്ഥാനത്ത് എത്തിക്കുന്ന സംഘങ്ങളെ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പിടികൂടുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) അതിർത്തി ചെക്കുപോസ്റ്റുകളിലും മറ്റുമായി ഇത്തരത്തിലുള്ള എത്ര സംഘങ്ങളെ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>തിരുകേശം സംബന്ധിച്ച വിവാദം</u>

228 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുകേശവുമായി ബന്ധപ്പെട്ട് സത്യാവസ്ഥ പുറത്ത് കൊണ്ടുവരാൻ സർക്കാരിന് നിർദ്ദേശം നല്കണമെന്നാവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട റിട്ട് ഹർജിയിൽ സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ;

(സി) പ്രസ്തുത സത്യവാങ്മൂലത്തിൽ പിന്നീട് തിരുത്തൽ വല്ലതും നല്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>തൊഴിൽ തട്ടിപ്പ് കേസുകൾ</u>

229 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നല്കാമെന്ന് ഏറ്റ് വിശ്വാസവഞ്ചന കാണിച്ചത് സംബന്ധിച്ച എത്ര കേസുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി;

(ബി) ഈ കേസുകളിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കിയുണ്ട് ;

(സി) തൊഴിൽ തട്ടിപ്പു കേസുകളിൽ ഇരയായിട്ടുള്ളവർക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>വിചാരണ നേരിടുന്ന മന്ത്രിമാര്‍</u>

230 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മന്ത്രിസഭയിലെ എത്ര മന്ത്രിമാര്‍ ഏതെല്ലാം കേസ്സുകളില്‍ വിചാരണ നേരിടുന്നു;

(ബി) ഓരോ കേസ്സിന്റെയും സ്വഭാവം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

ലാവ്ലിൻ കേസ് അന്വേഷണം

231 ശ്രീ. ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാവ്ലിൻ കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രതിപ്പട്ടികയിൽ ആരെല്ലാമാണ് ഉൾപ്പെട്ടിരിക്കുന്നത്;

(സി) കേസിന്റെ വിചാരണ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പാമോലിൻ കേസ്</u>

232 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമോലിൻ കേസിൽ അന്നത്തെ ധനമന്ത്രിയെ കുറ്റവിമുക്തമാക്കിക്കൊണ്ട് വിജിലൻസ് വകുപ്പ് തുടരന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയുണ്ടായോ; എങ്കിൽ എപ്പോൾ;

(ബി) കോടതിയിൽ സമർപ്പിച്ച വിജിലൻസ് വകുപ്പിന്റെ തുടരന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) അന്നത്തെ ധനമന്ത്രിയെ കേസിൽ പ്രതി ചേർക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികളിൽ കേരള ഹൈക്കോടതിയിൽ സർക്കാർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ഭൂമിദാന കേസ്</u>

233 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേസിന്മേലുള്ള അന്തിമറിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ</u>

234 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കും കേസിന്റെ വിശദാംശങ്ങളും നൽകുമോ;

(ബി) കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ;

(സി) ആയത് കുറഞ്ഞിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് പ്രസ്തുത ആക്ട് അനുസരിച്ച് നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>നഗരൂർ തണ്ണിക്കോണത്തെ ദളിത് വീടുകൾ കത്തിച്ച കേസ്</u>

235

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരൂർ തണ്ണിക്കോണത്ത് ദളിത് കുടുംബങ്ങൾ താമസിച്ചിരുന്ന നാല് വീടുകൾ കത്തിച്ച സംഭവത്തിന്മേൽ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് എത്ര പ്രതികളെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്; ഇവർക്കെതിരെ ഏതെല്ലാം കുറ്റമാണ് ചുമത്തിയിട്ടുള്ളത്;

(സി) പ്രസ്തുത ദളിത് കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലവുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങൾ സംബന്ധിച്ച കണക്കുകൾ</u>

236 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആകെ എത്ര കവർച്ച, മോഷണം, പിടിച്ചുപറി, ഭവനഭേദനം, ഹിന്ദു ക്രിസ്ത്യൻ മുസ്ലീം ദേവാലയങ്ങളിലെ കവർച്ചയും മോഷണവും എന്നിവ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണ്ടാ, മാഫിയ സംഘങ്ങളുടെ അക്രമണത്തിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ജയിലിൽ കഴിയുന്ന നിരപരാധികൾ</u>

237

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംശയാസ്പദസാഹചര്യങ്ങളിൽ പിടിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന നിരപരാധികളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ വിചാരണ വേഗത്തിലാക്കി, നിരപരാധിത്വം തെളിയിക്കാൻ അവസരം നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>നരിക്കാട്ടേരിയിലെ ബോംബ് സ്ഫോടനക്കേസ്സ്</u>

238 ശ്രീ. എം. ഹംസ
ശ്രീമതി കെ. കെ. ലതിക
ശ്രീ. സി. കൃഷ്ണൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നരിക്കാട്ടേരിയിൽ ബോംബ് നിർമ്മാണത്തിനിടയിൽ അഞ്ചു മുസ്ലീം ലീഗ് പ്രവർത്തകർ കൊല്ലപ്പെട്ട കേസ്സിൽ അന്വേഷണം നടത്തുന്നത് ക്രൈം ബ്രാഞ്ച് ആണോ ; എങ്കിൽ ഏത് ക്രൈം ബ്രാഞ്ച് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ; അന്വേഷണ സംഘത്തിലുള്ളവർ ആരൊക്കെ ;

(ബി) അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ കുറ്റപത്രം കോടതിയിൽ സമർപ്പിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ; വർഗീയകലാപം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഗൂഢാലോചന സംഭവത്തിന്റെ പിന്നിൽ ഉണ്ടായിട്ടുണ്ടോ ;

(സി) കുറ്റപത്രം സമർപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അനുമതി തേടിയിട്ടുണ്ടോ ; കേന്ദ്രാനുമതി തേടുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ; അനുമതികൾ ലഭിച്ചിട്ടുണ്ടോ ; ജില്ലാ ഭരണകൂടത്തിന്റെ പ്രോസിക്യൂഷൻ അനുമതി ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ;

(ഡി) 2010 ഫെബ്രുവരി 26ന് നടന്ന പ്രസ്തുത സ്ഫോടന കേസിലെ അന്വേഷണ ഉദ്യോഗസ്ഥരെ എത്ര തവണ മാറ്റുകയുണ്ടായി ; ഏതെല്ലാം ഘട്ടങ്ങളിൽ ഏതെല്ലാം ഉദ്യോഗസ്ഥരെ മാറ്റി പകരം ഏതെല്ലാം ഉദ്യോഗസ്ഥരെ നിയോഗിക്കുകയുണ്ടായി എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>വര്‍ഗ്ഗീയ – സാമുദായിക സംഘട്ടനങ്ങള്‍</u>

239 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര വര്‍ഗ്ഗീയ, സാമുദായിക സംഘട്ടനങ്ങള്‍ നടന്നിട്ടുണ്ട്;

(ബി) വര്‍ഗ്ഗീയ സ്വഭാവമുള്ള എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്;

(സി) എത്ര പോലീസ് വെടിവെപ്പുകളും ലാത്തിചാര്‍ജ്ജുകളും നടന്നിട്ടുണ്ട്;

(ഡി) ലാത്തിചാര്‍ജ്ജിലും വെടിവെപ്പിലുമായി എത്ര പേര്‍ക്ക് പരിക്കേറ്റിട്ടുണ്ട്; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

തലസ്ഥാന നഗരിയിൽ നടന്ന മോഷണങ്ങൾ

240 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തലസ്ഥാനനഗരിയിൽ നടന്ന മോഷണങ്ങളിൽ ഇനിയും പ്രതികളെ കണ്ടെത്താൻ സാധിക്കാത്ത കേസുകളേതൊക്കെ;

(ബി) ഓരോ കേസും ഏത് സംഘമാണ് അന്വേഷിക്കുന്നതെന്നും കേസന്വേഷണത്തിന്റെ പുരോഗതി എന്ത് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ക്രൈം റിക്കാർഡ്സ് ബ്യൂറോ കണക്കുകൾ</u>

241 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൈം റിക്കാർഡ്സ് ബ്യറോയുടെ കണക്കുകൾ പ്രകാരം 2011-12, 2012-13 വർഷത്തിലും 2013 മെയ് 31 വരെയും സംസ്ഥാനത്തുണ്ടായ ക്രൈമുകളുടെ കണക്കുകൾ വിശദമാക്കാമോ;

(ബി) ക്രൈം റിക്കാർഡ്സ് ബ്യൂറോ കണക്കുകൾ ശേഖരിക്കുന്ന രീതി വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഓരോ ക്രൈമും ശരാശരി ഒരു ദിവസം എത്ര വീതം നടക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

242 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരിൽ ഭൂരിഭാഗവും യുവാക്കളും, വിദ്യാർത്ഥികളുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും, ഇവയെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ഫോറൻസിക് ലാബുകളുടെ പ്രവർത്തനം

243 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ലാബുകളിൽ ജീവനക്കാരുടെ കുറവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫോറൻസിക് ലാബുകളിൽ പരിശോധന ഫലം കാത്ത് കിടക്കുന്ന കേസുകളുടെ എണ്ണം വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫോറൻസിക് ലാബുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

രാത്രികാലങ്ങളിലെ പോസ്റ്റുമോർട്ടം

244 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ?

(ബി) പ്രസ്തുത തീരുമാനത്തിന് മുൻപ് പോലീസ് സർജൻമാരുടേയും ഫോറൻസിക് വിദഗ്ധരുടേയും അഭിപ്രായം തേടിയിരുന്നോ ;

(സി) രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ പോസ്റ്റുമോർട്ടം നടത്തണമെന്ന നിർദ്ദേശം കേരള മെഡിക്കോ ലീഗൽ സൊസൈറ്റി സർക്കാരിന് സമർപ്പിച്ചിരുന്നോ; എങ്കിൽ ഇത് പരിശോധിച്ചിരുന്നോ; വ്യക്തമാക്കാമോ ;

(ഡി) പോസ്റ്റുമോർട്ടം സംബന്ധിച്ച ആധികാരിക രേഖയായ പ്രൊഫ. ജയസിങ്ങ് മോഡിയുടെ ഗ്രന്ഥത്തിൽ നിറവ്യത്യാസം തിരിച്ചറിയാൻ കഴിയുന്നത് പകലായതിനാൽ പകൽ പോസ്റ്റുമോർട്ടം നടത്തണമെന്ന് വ്യക്തമാക്കിയിട്ടുള്ള വിവരം സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ രാത്രിയിലുള്ള പോസ്റ്റുമോർട്ടം, പോസ്റ്റുമോർട്ടം റിപ്പോർട്ടുകളുടെ കൃത്യതയെയും കേസുകളുടെ വിചാരണയെയും പ്രതികൂലമായി ബാധിക്കുമെന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫിനും എതിരെയുള്ള ആരോപണങ്ങൾ

245 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർക്കും പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കുമെതിരെ അഴിമതി ഉൾപ്പെടെയുള്ള ആരോപണങ്ങൾ ഉന്നയിക്കപ്പെടുകയുണ്ടായി;

(ബി) മന്ത്രിമാരുടെയോ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളുടെയോ ക്രമ വിരുദ്ധവും അഴിമതി നിറഞ്ഞതുമായ നടപടികൾ സംബന്ധിച്ച് സർക്കാറിന് ലഭിച്ച ഹർജികൾ എത്ര; ഇതിൽ എത്ര ഹർജികൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പൊതുസ്ഥലത്തെ മാലിന്യ നിക്ഷേപം</u>

246 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതിന്റെ പേരിൽ എത്ര പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്;

(ബി) ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ഫോൺ ചോർത്തൽ</u>

247 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നായർ സർവ്വീസ് സൊസൈറ്റി ജനറൽ സെക്രട്ടറി ശ്രീ. സുകുമാരൻ നായരുടെ ഫോൺ സംഭാഷണങ്ങൾ സംസ്ഥാന ആഭ്യന്തര വകുപ്പ് ചോർത്തുന്നു എന്ന വിഷയത്തിൽ, അദ്ദേഹത്തിൽ നിന്ന് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പരാതി ലഭിക്കാതെ തന്നെ ഇക്കാര്യത്തിൽ ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെ അന്വേഷണത്തിനായി സർക്കാർ നിയോഗിച്ച സാഹചര്യത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കെ.എ.പി. അഞ്ചാം ബറ്റാലിയന്‍</u>

248

### ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആഭ്യന്തര വകുപ്പ് മന്ത്രിയുടെ പേഴ്സണല്‍ സ്റ്റാഫംഗത്തിന്റെ വാഹനം നോപാര്‍ക്കിങ്ങ് ഏരിയായില്‍ പാര്‍ക്ക് ചെയ്യാന്‍ അനുവദിക്കാത്തതിന്റെ പേരില്‍ ഏതെങ്കിലും പോലീസുകാര്‍ക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കെ.എ.പി. അഞ്ചാം ബറ്റാലിയനിലെ (മണിയാര്‍) മൂന്ന് പോലീസുകാരെ ഏതെങ്കിലും ശിക്ഷാനടപടിയുടെ ഭാഗമായി ഒരു മാസത്തെ കഠിന പരിശീലനത്തിനായി പേരൂര്‍ക്കട എസ്.എ.പി. ക്യാമ്പിലേക്ക് അയച്ചിട്ടുണ്ടോ;

(സി) ഏത് സംഭവവുമായി ബന്ധപ്പെട്ടാണ് പ്രസ്തുത ശിക്ഷാനടപടിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കാസറഗോഡ് ടൗൺ പോലീസ്സ്റ്റേഷൻ പ്രിൻസിപ്പൽ എസ്.ഐ.ക്കെതിരെയുള്ള പരാതികളിന്മേൽ നടപടി</u>

249 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പ്രിൻസിപ്പൽ എസ്.ഐ. യുടെ പ്രവർത്തനം സംബന്ധിച്ച് നിരവധി പരാതികൾ ഉണ്ടായിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതെത്തുടർന്ന് ഇദ്ദേഹത്തെ സ്ഥലംമാറ്റാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, പൊതുജനങ്ങൾക്കുള്ള പരാതി പരിഗണിച്ച്, സ്ഥലംമാറ്റം നടപ്പാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ശ്രീ. എം. സരസയ്യക്കെതിരായ അഴിമതി ആരോപണം</u>

250 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഖനിത്തൊഴിലാളി ക്ഷേമവകുപ്പ് ദക്ഷിണേന്ത്യൻ ഡയറക്ടർ എം. സരസയ്യ കൊച്ചിയിലെ ഹോട്ടലിൽ തങ്ങി കേരളത്തിലെ പാറമട ഉടമകളെ വിളിച്ചുവരുത്തി വൻ തുകകൾ കൈക്കൂലി വാങ്ങിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സി.ബി.ഐ അന്വേഷണത്തിൽ പുറത്ത് വന്ന വിവരങ്ങൾ എന്തെല്ലാമാണെന്ന് അറിയുമോ;

(സി) ശ്രീ. സരസയ്യ അറസ്റ്റിലാകുന്നതിനുമുമ്പ് കേരളത്തിൽ എവിടെയെല്ലാം പര്യടനം നടത്തുകയുണ്ടായിട്ടുണ്ടെന്നറിയാമോ;

(ഡി) സംസ്ഥാനത്തുനിന്നുള്ള ഒരു കേന്ദ്ര മന്ത്രിയുടെ വീട്ടിൽ അദ്ദേഹം സന്ദർശം നടത്തിയതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സി.ബി.ഐ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിവരം സംസ്ഥാന സർക്കാരിന് ലഭ്യമാണോ; എങ്കിൽ വിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ</u>

251 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകളിൽ എത്ര എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കാനുണ്ട്;

(ബി) അന്വേഷണം പൂർത്തിയാക്കാനുള്ള കേസുകളുടെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മലയാള മനോരമ കൊടുവള്ളി ലേഖകനെതിരെയുള്ള കേസ്</u>

252 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷൻ പരിധിയിലെ മലയാള മനോരമ ലേഖകൻ മുഹമ്മദ് ഫിർദൗസിനെതിരെ കൊടുവള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ കേസിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്രജിസ്റ്റർ ചെയ്തിട്ടുളളത്;

(ബി) ഇതു സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) പരാതി വ്യാജമെങ്കിൽ തെറ്റായ പരാതി നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ പ്രതിപക്ഷ എം.എൽ.എ.മാർക്കെതിരെയുള്ള കേസുകൾ</u>

253

## ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനകീയ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തതിന് കോഴിക്കോട് ജില്ലയിലെ പ്രതിപക്ഷ എം.എൽ.എ.മാരുടെ പേരിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഏതൊക്കെ എം.എൽ.എ.മാരുടെ പേരിൽ, ഏതൊക്കെ സ്റ്റേഷൻ പരിധിയിൽ എന്തൊക്കെ വകുപ്പുകളനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത്;

(സി) സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി, എൽ.ഡി.എഫ്. കൺവീനർ എന്നിവർക്കെതിരെ ഈ സർക്കാരിനെതിരായ ജനകീയ സമരങ്ങൾക്ക് നേതൃത്വം കൊടുത്തതിന്റെ പേരിൽ ഏതൊക്കെ സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) അഞ്ചിൽ കൂടുതൽ കേസുകളിൽ ഉൾപ്പെട്ട നേതാക്കളെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്താനും ജില്ലയ്ക്കും സംസ്ഥാനത്തിനും പുറത്തേക്ക് നാടു കടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

സോഷ്യൽ നെറ്റ് വർക്കുകളിലെ അപകീർത്തികരമായ പരാമർശങ്ങൾ

254 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ തനിക്ക് അപകീർത്തികരമായ പരാമർശങ്ങളും ചിത്രങ്ങളും പ്രചരിക്കുന്നത് സംബന്ധിച്ച് ശ്രീമതി കെ.കെ.ലതിക, എം.എൽ.എ. നൽകിയ പരാതികളിൽ ആഭ്യന്തര വകുപ്പ് എന്തെല്ലാ ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ചിത്രങ്ങൾ സൈറ്റുകളിൽ നിന്ന് നീക്കം ചെയ്യുന്നതിനും അവ ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കനാൽക്കരയിൽ വിശ്രമിച്ച ദമ്പതികൾക്കെതിരെയുള്ള കേസ്</u>

255 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജരേഖ ഹാജരാക്കികൊണ്ട് കോടതിയെ തെറ്റിദ്ധരിപ്പിക്കുകയും കനാൽക്കരയിൽ വിശ്രമിച്ച ദമ്പതികൾക്കെതിരെ കേസെടുക്കേണ്ടെന്നുള്ള തീരുമാനം ലംഘിച്ച് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ശാസ്ത്രസാഹിത്യ പരിഷത്ത് പ്രവർത്തകരും ദമ്പതികളുമായ രാജേഷ്, രശ്മി എന്നിവരെ നിയമവിരുദ്ധമായി അറസ്റ്റ് ചെയ്ത പോലീസുകാർക്കെതിരെ കേസ് എടുക്കില്ലെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ;

(സി) എങ്കിൽ നിയമവിരുദ്ധമായി വ്യാജരേഖകൾ ചമച്ച് കേസെടുത്ത പോലീസ് അധികൃതർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>പോലീസിന്റെ മാനസിക പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത സംഭവം</u>

256

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചെലവൂർ പാലങ്ങോട് വയൽ കിഴക്കേടത്ത് ദയാനന്ദൻ പോലീസിന്റെ മാനസിക പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഇയാളുടെ മരണശേഷം ആത്മഹത്യാക്കുറിപ്പ് കണ്ടെടുത്തിരുന്നോ; അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>താലൂക്ക് ആഫീസുകൾ ഉപരോധിച്ചുകൊണ്ടുള്ള സമരം</u>

257 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മേയ്മാസം 20 മുതൽ 25 വരെ താലൂക്ക് ആഫീസുകൾ ഉപരോധിച്ചുകൊണ്ട് നടന്ന സമരത്തിൽ ഏർപ്പെട്ട എത്രപേരെ ഓരോ ദിവസവും പോലീസ് അറസ്റ്റു ചെയ്തു ;

(ബി) സംസ്ഥാനത്ത് മൊത്തം എത്രയാളുകളുടെ പേരിൽ ഇപ്രകാരം കേസെടുക്കുകയുണ്ടായി ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ദേശമംഗലം മലബാർ എഞ്ചിനീയറിംഗ് കോളേജിലെ റാഗിംഗ്</u>

258 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശമംഗലം മലബാർ എഞ്ചിനീയറിംഗ് കോളേജിലെ ജൂനിയർ വിദ്യാർത്ഥി റാഗ് ചെയ്യപ്പെട്ട സംഭവത്തിൽ ചെറുതുരുത്തി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ആർക്കെല്ലാം എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) നിർമൽ മാധവൻ എന്ന വിദ്യാർത്ഥി പ്രസ്തുത കേസിലെ പ്രതിയാണോ ;

(ഡി) യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; അറസ്റ്റിനെതിരെ വല്ല തടസ്സവും ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ആറിനടിയിലൂടെ സ്ഥാപിച്ചിരുന്ന പൈപ്പ്ലൈൻ നശിപ്പിച്ച സംഭവം</u>

259 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ വെളിയനാട് ഗ്രാമപഞ്ചായത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ ഉൾപ്പെടുത്തി ആറിനടിയിലൂടെ സ്ഥാപിച്ചിരുന്ന പൈപ്പ്ലൈൻ നശിപ്പിച്ച് കുടിവെള്ള വിതരണം തടസ്സപ്പെടുത്തിയ സാമൂഹ്യവിരുദ്ധർക്കെതിരെയുള്ള പരാതിയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പൊതുമുതൽ നശിപ്പിച്ച സാമൂഹ്യവിരുദ്ധർക്കെതിരെ എതെല്ലാം വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് റൂറൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ക്രിമിനൽ കേസുകളിൽ പ്രതികളായവർ</u>

260 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്നിൽ കൂടുതൽ ക്രിമിനൽ കേസുകളിൽ പ്രതികളായവരുടെ പേരും അവർക്കെതിരെ ചുമത്തിയ വകുപ്പുകളും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രതികളുടെ പേരിൽ നിലവിലുള്ള ഓരോ കേസുകളുടെയും നമ്പരും കേസിന്റെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം അറിവായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോ പ്രതികളുടെയും രാഷ്ട്രീയ ബന്ധം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ്</u>

261 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ സാക്ഷികളെക്കൊണ്ട് നിർബന്ധപൂർവ്വം തയാറാക്കിയ മൊഴികൾ വിചാരണ കോടതിയിൽ പറയിക്കാൻ പോലീസ് അവരുടെ വീടുകളിൽ ചെന്ന് ഭീക്ഷണിപ്പെടുത്തിയതു ഉൾപ്പെടെയുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ സാക്ഷികളെ നിയമവിരുദ്ധമായി ഉപയോഗിക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തങ്ങൾ പറയുംപോലെ കോടതിയിൽ പറയണമെന്നാവശ്യപ്പെട്ടുകൊണ്ട് സാക്ഷികളെ ഭീഷണിപ്പെടുത്തിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>ചെറുപുഴയിലെ കൊലപാതകം</u>

262 ശ്രീ.സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കണ്ണൂര്‍ ജില്ലയില്‍ പെരിങ്ങാം പോലീസ് സ്റ്റേഷന്‍ അതിര്‍ത്തിയില്‍ ചെറുപുഴ കാക്കേന്‍ചാലിന്‍ മറിയക്കുട്ടി കൊല ചെയ്യപ്പെട്ടതു സംബന്ധിച്ച കേസ്സ് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>പൗലോസ് തോമസിന്റെ മരണം സംബന്ധിച്ച് അന്വേഷണം</u>

263 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കാവുംപടി പാഴുകാനിയിൽ പൗലോസ് തോമസ് എന്നയാൾ കോയമ്പത്തൂരിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചത് സംബന്ധിച്ച് ബന്ധുക്കൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) തമിഴ്നാട് സർക്കാരിൽ സമ്മർദ്ദം ചെലുത്തി അന്വേഷണം ഊർജ്ജിതമാക്കാനും പ്രത്യേക സംഘത്തെ നിയോഗിച്ച് കൊലയാളികളെ കണ്ടെത്താനും നടപടി സ്വീകരിക്കുമോ?

(ഡി) സംഭവത്തിന് ഉത്തരവാദികളായവരെ പിടികൂടുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ശാസ്ത്രീയമായ കേസന്വേഷണത്തിന് കേന്ദ്ര ഏജൻസികളെയോ കേരള-തമിഴ്നാട് സംയുക്ത സംഘത്തെയോ നിയമിക്കാൻ തയ്യാറാകുമോ;

(ഇ) കേസന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>ഗുരുവായൂർ നഗരസഭ പ്രദേശത്തെ മണ്ണു മാഫിയക്കെതിരായ നടപടി</u>

264 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നഗരസഭയിലുൾപ്പെടുന്ന തൈക്കാട് വില്ലേജിൽ ചക്കംകണ്ടം കുന്നത്തുളളി പട്ടികജാതി കോളനിക്ക് സമീപമുളള വയൽ അനധികൃതമായി മണ്ണിട്ടു നികത്തുന്നതു തടയാൻ ചെന്ന ഗുരുവായൂർ നഗരസഭാ കൗൺസിലർ എ. എം. ഷെഫീറിനെ മണ്ണുമാഫിയക്കാരായ ഗുണ്ടകൾ ആക്രമിച്ചു പരിക്കേൽപിച്ചതു സംബന്ധിച്ച് ചാവക്കാട്പോലീസ് സ്റ്റേഷനിൽ 20-03-13-ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ചാവക്കാട് പോലീസ് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം;

(ബി) അനധികൃത വയൽനികത്തൽ തടഞ്ഞ ജനപ്രതിനിധിയെ മർദ്ദിച്ച അക്രമികളെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അക്രമികൾക്കും മണ്ണുമാഫിയക്കുമെതിരെ നിയമനടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) മണ്ണു മാഫിയകളെയും അക്രമികളെയും സംരക്ഷിക്കുന്ന ചാവക്കാട് പോലീസ് അധികൃതരിൽ നിന്നും കേസന്വേഷണവും മേൽനടപടികളും ഉയർന്ന പോലീസ് അധികാരികൾക്കു മാറ്റി നല്കുമോ;

(ഡി) പ്രതികളെ കണ്ടെത്തുന്നതിന് കൂടുതൽ ഫലപ്രദമായ എന്തു നടപടികളാണ് തുടർന്ന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2013-ലെ മറുപടിക്ക്

<u>റേഷനരി പൂഴ്ത്തിവെപ്പ്</u>

265 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലും തിരുമുടിക്കുന്നിലും അനധികൃത ഗോഡൗണുകളിൽ നിന്നും ടൺ കണക്കിന് റേഷൻ അരി പിടികൂടിയതും പ്രതികളെ ഇതുവരെയും അറസ്റ്റു ചെയ്യാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുറ്റക്കാർക്കെതിരെ കർശന നടപടിയെടുത്ത് നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിന് വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2013–ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടത്തുന്ന കായികേതര പരിപാടികൾ</u>

266 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര കായിക പരിപാടികൾ നടത്തപ്പെട്ടിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ സർക്കാർ പരിപാടികൾ, രാഷ്ട്രീയ സാമുദായിക പരിപാടികൾ തുടങ്ങിയവയ്ക്കായി എത്ര തവണ സ്റ്റേഡിയം വിട്ടു നൽകിയിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കുമോ ; ഇതുവഴി എത്ര തുക സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(സി) കായികേതര പരിപാടികൾ നിരന്തരം നടക്കുന്നതിനാൽ മൈതാനിയിലെ പുല്ലും ട്രാക്കും അനുദിനം നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ചുങ്കം പിരിവിലെ ക്രമക്കേട് സംബന്ധിച്ച കേസ്

267 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ പടന്നക്കാട് റെയിൽവെ മേൽപ്പാലം ചുങ്കം പിരിവിലെ ക്രമക്കേട് സംബന്ധിച്ച് ഹോസ്ദുർഗ്ഗ് പോലീസ് കേസെടുത്തത് എന്നാണ്;

(ബി) അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) കേസന്വേഷണം വിജിലൻസിനെ ഏൽപ്പിച്ചിട്ടുണ്ടോ;

(ഡി) കേസന്വേഷണത്തിൽ സർക്കാർ ശുഷ്കാന്തി കാണിക്കുന്നില്ല എന്ന വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റക്കാരെ ശിക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

### എമർജൻസി ടെൻഡറിന്റെ സേവനം

268

ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയർ & റെസ്ക്യൂ സർവ്വീസിൽ എമർജൻസി ടെൻഡറിന്റെ സേവനം എല്ലാ ജില്ലകളിലും ലഭ്യമാണോ;

(ബി) എമർജൻസി ടെൻഡർ ലഭ്യമല്ലാത്ത ജില്ലകൾ ഏതെല്ലാമാണ്;

(സി) എമർജൻസി ടെൻഡർ ലഭ്യമല്ലാത്ത ജില്ലകളിൽ ഫയർ ഫോഴ്സിനു ആയതു ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

<u>പെരുമ്പാവൂർ അഗ്നി രക്ഷാ നിലയം</u>

269 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നി രക്ഷാ നിലയങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പെരുമ്പാവൂർ അഗ്നി രക്ഷാ നിലയത്തിൽ വേണ്ട വാഹനങ്ങളോ ഉപകരണങ്ങളോ ലഭ്യമാക്കിയിട്ടുണ്ടോ; നിലവിലുളളവയുടെയും ഉണ്ടായിരിക്കണ്ടവയുടെയും വിശദവിവരം അറിയിക്കുമോ;

(സി) പെരുമ്പാവൂർ അഗ്നിരക്ഷാ നിലയത്തിലെ തസ്തികകളുടെയും നിലവിലുളള ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) പെരുമ്പാവൂർ അഗ്നി രക്ഷാ നിലയത്തിൽ വേണ്ട വാഹനങ്ങളും ഉപകരണങ്ങളും നൽകുമോ; ജീവനക്കാരെ നിയമിക്കുമോ?

# കേരള നിയമസഭ
## 10.06.2013–ലെ മറുപടിക്ക്

ആലപ്പുഴ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ പുതിയ വാഹനങ്ങൾ അനുവദിക്കാൻ നടപടി

270 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ അടിയന്തര ഘട്ടങ്ങൾ തരണം ചെയ്യുന്നതിന് എത്ര വാഹനങ്ങൾ ഉണ്ട്; ഇവ ഓരോന്നിന്റേയും കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ പുതിയതായി എമർജൻസി ടെണ്ടർ വാഹനവും റിക്കവറി വാഹനവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ ഓഫീസ് കെട്ടിടം

271 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഫയർഫോഴ്സിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) ചാലക്കുടിയിൽ ഫയർഫോഴ്സിന് വാഹനങ്ങളും, ആധുനിക ഉപകരണങ്ങളും, സ്റ്റാഫിനേയും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരിയിൽ ഫയർ സ്റ്റേഷൻ</u>

272 ശ്രീ.റ്റി.വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് ഫയർ സ്റ്റേഷൻ നിലവിലില്ലാത്തത്;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പഴയങ്ങാടിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>മലബാർ സിമന്റ്സ് കേസിൽ വിജിലൻസ് ഫയലുകൾ ചോർന്ന സംഭവം</u>

273 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സ് കേസുമായി ബന്ധപ്പെട്ട വ്യവസായി രാധാകൃഷ്ണന് വിജിലൻസിന്റെ ഫയലുകൾ ലഭിച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഫയലുകൾ രഹസ്യ സ്വഭാവമുള്ളതാണോ എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതുസംബന്ധിച്ച് സർക്കാർ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഡി) ഈ കേസിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ജയിൽ അന്തേവാസികളുടെ തൊഴിൽ പരിശീലനം</u>

274 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പി. സി. വിഷ്ണുനാഥ്
'' എം. എ. വാഹീദ്
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിൽ അന്തേവാസികൾക്ക് നിയമവിധേയമായ രീതിയിൽ ജീവിത സാഹചര്യമൊരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>വടകര സബ്ജയിൽ മാറ്റുന്നതിന് നടപടി</u>

275

ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥലപരിമിതിമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്, വടകര സബ്ജയിൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സാമ്പത്തിക വർഷം തന്നെ സൗകര്യപ്രദമായ സ്ഥലത്തേക്ക് ജയിൽ മാറ്റാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2013-ലെ മറുപടിക്ക്

<u>ജയിലുകളുടെ പ്രവർത്തനം</u>

276 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സ്പെഷ്യൽ സബ്ജയിൽ സ്ഥാപിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ജയിലുകളിൽ എന്തൊക്കെ പരിഷ്കാരങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്;

(സി) തടവുകാരുടെ ആരോഗ്യവും സുരക്ഷിതത്വവും സംരക്ഷിക്കുന്നതോടൊപ്പം അവർ ജയിൽ ചട്ടങ്ങൾ ലംഘിക്കുന്നത് തടയുന്നതിനായി എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജയിലുകളിലായി എത്ര തടവുകാരാണുള്ളത്; അതിൽ വിചാരണ തടവുകാരെത്ര; അവരെ മറ്റു തടവുകാർക്കൊപ്പം താമസിപ്പിക്കുന്ന രീതി ഉപേക്ഷിക്കുമോ; വ്യക്തമാക്കുമോ?